**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1815** **12-09-2023 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് പുതിയ മന്ദിരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് സ്വന്തമായി ഭൂമി ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഫോർ എക്സലൻസ് ഫോർ വിഷ്വൽ ആർട്സ്-ന്റെ വികസനത്തിനുവേണ്ടി ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ മാവേലിക്കര വില്ലേജിൽ ബ്ലോക്ക് നം. 83 റീ സർവ്വേ 8/2-ൽ പെട്ട, പമ്പ ജലസേചന പദ്ധതി വക 66 സെന്റ് ഭൂമി കേരള സർവകലാശാലയുടെ പേരിൽ, നിബന്ധനകൾക്കു വിധേയമായി സൗജന്യനിരക്കായ ഒരു ആറിന് പ്രതിവർഷം 100 രൂപനിരക്കിൽ 15 വർഷത്തേക്ക് പാട്ടത്തിനനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ പുതിയ ബഹുനില മന്ദിരം നിർമ്മിക്കുന്നതിനാവശ്യമായ വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടോ; ആവശ്യമായ തുക അനുവദിക്കുന്നത് പരിഗണനയിലുണ്ടോ? | (ബി) | പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. അതിന്മേൽ സർവകലാശാല തലത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ